**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3004** **14-02-2024 - ൽ മറുപടിയ്ക്ക്**

**പുറക്കാട് സ്മൃതി വനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന പുറക്കാട് സ്മൃതി വനം എത്ര ഏക്കർ ഭൂമിയാണ്; ഇത് എന്നാണ് വനം വകുപ്പിന് ലഭിച്ചത്; | (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന പുറക്കാട് സ്മൃതിവനം 431.91 ഏക്കറാണ്. ഇതിൽ 335 ഏക്കർ ഭൂമിയാണ് 12.11.2010 ൽ റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും വികസന പദ്ധതികൾ നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നോ; എങ്കിൽ അവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | ജില്ലയിൽ വിവിധ നഴ്സറികളി ലായി നടത്തിയിരുന്ന വൃക്ഷത്തൈ ഉല്പാദനം കേന്ദ്രീകൃതമാക്കുന്നതിന്റെ ഭാഗമായി ജില്ലാ നഴ്സറി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു. ആയതിനായി പോളിഹൗസ്, സ്റ്റോർ ബിൽഡിംഗ്, ഓഫീസ് കെട്ടിടം എന്നിവ ഉൾപ്പെടുന്ന സെമി പെർമനന്റ് നിർമ്മിതികളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ജില്ലാ നഴ്സറിയിലേക്ക് വാഹന ഗതാഗതം സുഗമമാക്കുന്ന തിനായി അപ്രോച്ച് റോഡ് നിർമ്മിച്ചിട്ടുള്ളതും അതിന്റെ സംരക്ഷണഭിത്തി നിർമ്മിച്ച് ബലപ്പെടുത്തുന്ന പ്രവർത്തികൾ അന്തിമ ഘട്ടത്തിലുമാണ്. പ്രദേശത്തെ വിവിധ ഇനത്തിൽപ്പെട്ട പക്ഷികളുടെയും, ഉരഗങ്ങളുടെയും, മത്സ്യ-ജല സസ്യങ്ങൾ ഉൾപ്പെടെയുള്ള സസ്യ ജന്തുജാലങ്ങളുടെ സംരക്ഷണത്തോടൊപ്പം, പ്രദേശവാസികളുടെ ഉന്നമനം കൂടി ഉൾപ്പെടുത്തിയുള്ള പദ്ധതികൾ ആണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. |
| (സി) | വലിയ മരങ്ങളുടെ വളർച്ചയ്ക്ക് സാധ്യമല്ലാത്ത പ്രസ്തുത ഭൂമിയിൽ ടൂറിസം, കായികം, കൃഷി തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വനം വകുപ്പ് മുൻകൈയെടുക്കുമോ? | (സി) | കേരള ഫോറസ്റ്റ് ആക്റ്റ് 1961 സെക്ഷൻ (4) പ്രകാരം വിജ്ഞാപനം ചെയ്ത ടി ഭൂമിയിൽ മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഭാവിയിൽ ഗവേഷണ ആവശ്യങ്ങൾക്കും മറ്റും ഉതകുന്ന വിധത്തിൽ ജൈവ വൈവിധ്യ പാർക്ക്, പ്രദേശത്തെ സാഹചര്യത്തിന് അനുയോജ്യമായ വിധത്തിൽ ഇക്കോടൂറിസം പദ്ധതി എന്നിവയുടെ സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ